ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. കഴിയുന്നതും വേഗത്തിൽ.

പഞ്ചായത്ത് ഡിലിമിറ്റേഷൻ

*൪൯൩. (൯൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തുകളുടെ ഡിലിമിറ്റേഷൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഐക്യസംസ്ഥാനത്തിൽ ഓരോ ഡിസ്ട്രിക്ടിലും എത്ര പഞ്ചായത്തുകൾ ഉണ്ടാകുമെന്നറിയാമോ;

(സി) ഐക്യസംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്ത് ഏതു;

(ഡി) അവിടത്തെ ജനസംഖ്യയെത്ര;

(ഇ) ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള പഞ്ചായത്തേത്;

(എഫ്) അവിടത്തെ ജനസംഖ്യയെത്ര?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

എ.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ലെവിസിസ്റ്റം

*൪൯൭. (൯൯) ശ്രീ. പി. കെ. കുമാരൻതുച്ചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ലെവിസിസ്റ്റം അനുസരിച്ചു നെല്ല സംഭരിക്കണമെന്നു ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എവ;

(സി) ലെവിസിസ്റ്റം നടപ്പിൽ വരുത്തുന്നതുകൊണ്ടു ഈ രാജ്യത്തെ ജനങ്ങൾക്ക് എന്തു പ്രയോജനമുണ്ടാകുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു.

(ബി) ഈ പദ്ധതികൊണ്ടു കർഷകർക്ക് കൂടുതൽ സൌകര്യവും, ഭക്ഷ്യോല്പാദനത്തിനു പ്രോത്സാഹനവും സിദ്ധിക്കുമെന്നും ഗവണ്മെണ്ടിനു കൂടുതൽ നെല്ലുസംഭരിക്കുവാൻ കഴിയുമെന്നും ഉള്ള വിശ്വാസംകൊണ്ടു.

(സി) ബി.യുടെ മറുപടി നോക്കുക.

സംയോജനം

*൪൮൫. (൯൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) കൊച്ചിയിലേയും തിരുവിതാംകൂറിലേയും എതെല്ലാം ഡിപ്പാർട്ട്മെണ്ടുകളുടേയും അവയിലെ സബ്ബിന്നുകളുടേയും സംയോജനം കഴിഞ്ഞിട്ടുണ്ടു;

(ബി) ഇനിയും സംയോജനം പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെണ്ടു ഒഴികെ മറ്റെല്ലാ ഡിപ്പാർട്ടുമെണ്ടുകളുടേയും സംയോജനം പൂർത്തിയ

LIBRARY ARCHIVES Kerala Legislative Assembly

യി കഴിഞ്ഞു. സപ്ലീസ് സംയോജനം ഒരു ഡിപ്പാർട്ടുമെണ്ടിലേയും പുത്തിയായി കഴിഞ്ഞിട്ടില്ല.

(ബി) പല വിഷമപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കേണ്ടതായി വന്നിരിക്കുന്നതിനാൽ കാലതാമസം നേരിട്ടുന്നതാണ്.

റേഷൻ

*൫൮. (൯൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ൽ ഒൗൺസുവീതം റേഷൻ കൊടുക്കുന്നതിനു പ്രതിവർഷം എത്ര ലക്ഷം ടൺ അരിയാണ് നമുക്കാവശ്യമായിട്ടുള്ളത്;

(ബി) ഇതിൽ എത്ര ലക്ഷം ടൺ ഇവിടെനിന്നും തന്നെ ലഭിക്കും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉദ്ദേശം ൫,൫൦,൦൦൦ ടൺ

(ബി) ൫൦,൦൦൦ ടണ്ണോളം ലഭിക്കുമെന്നുദ്ദേശിക്കുന്നു.

കൂടിൽ വ്യവസായക്കമ്മിറ്റി

*൫൫൦. (൫൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൂടിൽവ്യവസായക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ എന്തെല്ലാംകൂടിൽ വ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യതയുണ്ടെന്നാണ് കണ്ടിരിക്കുന്നത്;

(ബി) പ്രസ്തുത കൂടിൽവ്യവസായങ്ങൾ പുരോഗമിപ്പിക്കുന്നതിനായി എന്തു നടപടിയാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കൂടിൽ വ്യവസായകമ്മിറ്റി ഒരു താൽക്കാലികറിപ്പോർട്ട് മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. അതിൽ പ്രത്യേക വ്യവസായങ്ങളെപ്പറ്റി വിശദമായി പ്രസ്താവിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ അവസാനറിപ്പോർട്ടിലാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(ബി) ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ENQUIRY

*551. [42] **Sri. Eapen Arakkal:** Will the Hon'ble the Chief Minister be pleased to state:

(*a*) has any enquiry been conducted in connection with the death of a man who is alleged to have been beaten to death by the Police at Haripad;

(*b*) if answer to (*a*) is in the affirmative who was the officer deputed to hold the enquiry;

(*c*) has he submitted any report and what is the nature of the report;

(*d*) have the Government passed any final orders on the matter;

(*e*) is it true that still another enquiry is going to be conducted by the Special Magistrate at Quilon; and

(*f*) are there any grounds for disbelieving or for not relying on the report and findings of the officer who has submitted the report after a formal enquiry?

LIBRARY ARCHIVES Kerala Legislative Assembly